# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4011

19.03.2018-ൽ മറുപടിക്ക്

## പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന വെല്ലുവിളികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ. ആൻസലൻ<br>,, എം. നൗഷാദ്<br>,, കെ.ജെ. മാക്സി<br>,, കെ.വി.അബ്ദുൾ ഖാദർ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഉപജീവനത്തിനായി പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് തൊഴിലെടുക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാമാണെന്ന് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ഉപജീവനത്തിനായി പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് തൊഴിലെടുക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾ സാമൂഹ്യമായും, സാമ്പത്തികമായും നിരവധി വെല്ലുവിളികളെ നേരിടുന്നു ണ്ട്. വർദ്ധിച്ചു വരുന്ന ഇന്ധന വിലയും, പിടിച്ചു കൊ ണ്ടുവരുന്ന മത്സ്യത്തിന് അർഹിക്കുന്ന വില ലഭിക്കാത്തതും പ്രധാന വെല്ലുവിളികളാണ്. യന്ത്രവത്കൃത യാനങ്ങളുടെ കടന്നുകയറ്റം, അമിതമായ മത്സ്യബന്ധനം എന്നിവ മത്സ്യ സമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു ണ്ട്. എഞ്ചിൻ പവർ കൂടുതലുള്ള യാനങ്ങളുടെ ആധിക്യം തീരത്തിനോടടുത്ത് മത്സ്യബന്ധനം നടത്തി കൊ ണ്ടിരുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മത്സ്യ ലഭ്യതയിൽ കുറവ് വരുന്നതിന് കാരണമാകുന്നു ണ്ട്. ഉപജീവനത്തിനായി ചെറുവള്ളങ്ങളിലും കട്ടമരങ്ങളിലും മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികൾ മതിയായ ജീവൻ രക്ഷാ ഉ പകരണങ്ങളൊന്നും കൂടാതെയാണ് മത്സ്യബന്ധനത്തിന് പോകുന്നത്. കാലാവസ്ഥാ വ്യതിയാനങ്ങളും, കടൽക്ഷോഭങ്ങളും ഏറ്റവുമധികം ബാധിക്കുന്നതും ഇത്തരം പരമ്പരാഗത മത്സ്യത്തൊഴിലാളികളെയാണ്. ജലമലിനീകരണം, പ്ലാസ്റ്റിക് മലിനീകരണം, കാലാവസ്ഥാ വ്യതിയാനം എന്നിവ പര മ്പരാഗത മത്സ്യത്തൊഴിലാളികളെ നേരിട്ട് ബാധിക്കുന്നു. ഇത്തരം വെല്ലു വിളികളെ അതിജീവിക്കാൻ മത്സ്യത്തൊഴിലാളികളെ സാമ്പത്തികമായും സാമൂഹികമായും പ്രാപ്തരാക്കുകയാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. |
| (ബി) | രാത്രികാലങ്ങളിൽ തീരക്കടൽ മത്സ്യബന്ധനത്തിന് മറ്റു സംസ്ഥാനങ്ങളിൽ നിരോധിക്കപ്പെട്ട എൽ. ഇ. ഡി ലൈറ്റുകൾ ഉപയോഗിച്ച് തമിഴ് നാട്ടിലെ മത്സ്യത്തൊഴിലാളികൾ കേരളതീരത്ത് മത്സ്യബന്ധനം നടത്തുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | രാത്രി കാലങ്ങളിൽ അന്യ പ്രദേശങ്ങളിൽ നിന്നുള്ള ബോട്ടുകളും, വള്ളങ്ങളും എൽ.ഇ.ഡി ലൈറ്റുകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ട്. തമിഴ്നാട്ടിൽ നിന്നുള്ള ബോട്ടുകളും ചില തദ്ദേശീയ ബോട്ടുകളും ലൈറ്റ് ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നു ണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ പ്രസ്തുത മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ? | (സി) | ഇത്തരം മത്സ്യബന്ധനം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കെ.എം.എഫ്.ആർ ആക്റ്റിൽ ഭേദഗതി വരുത്തിയിട്ടു ണ്ട്. നിശ്ചിത ശേഷിക്കപ്പുറമുള്ള ലൈറ്റ് ഉപയോഗിച്ചുള്ള ഫിഷിംഗ് നിരോധിക്കാൻ നടപടികൾ എടുത്തിട്ടു ണ്ട്. മറൈൻ എൻഫോഴ്സ്മെന്റും ഫിഷറീസ് വകുപ്പും പട്രോളിംഗ് കർശനമാക്കുകയും നിയമലംഘനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഇംപൗ ണ്ട് ചെയ്ത് പിഴ ഈടാക്കുന്നതുമാണ്. കൂടാതെ, മത്സ്യഗ്രാമങ്ങൾ വഴി നടത്തുന്ന ബോധവത്ക്കരണ പരിപാടികളിലൂടെ ഇത്തരം മത്സ്യബന്ധനത്തിനെതിരെ മത്സ്യത്തൊഴിലാളികൾക്കിടയിൽ അവബോധം സൃഷ്ടിക്കാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നിരോധനം കേരളത്തിലെ യാനങ്ങൾക്കും അന്യസംസ്ഥാന യാനങ്ങൾക്കും ബാധകമാകുന്നതാണ്. സംസ്ഥാനത്തിന്റെ ടെറിട്ടോറിയൽ പ്രദേശത്തിനപ്പുറം ലൈറ്റുപയോഗിച്ചുള്ള മത്സ്യബന്ധനം കേന്ദ്രസർക്കാർ നിരോധിച്ചിട്ടു ണ്ട്. |

സെക്ഷൻ ഓഫീസർ